# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5513 — 04.07.2013 - ൽ മറുപടിക്ക്

## വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| വൈപ്പിൻ മണ്ഡലത്തിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതായും, ഇത് പരിഹരിക്കുന്നതിനായി പൊതുജനം നിരവധി തവണ സമരം ചെയ്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | ഉണ്ട്. നിലവിൽ ഹഡ്കോ, ചൊവ്വര പദ്ധതികളിലൂടെയാണ് വൈപ്പിനിൽ കുടിവെള്ളം ലഭ്യമാകുന്നത്. കൂടുതൽ ശുദ്ധജലം എത്തിക്കുന്നതിലേയ്ക്കായി കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.<br>1. ജിഡയുടെ ധനസഹായത്തോടെ എളംകുന്നപ്പുഴ, ഞാറയ്ക്കൽ, നായരമ്പലം എന്നീ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>2. ജിഡ ഫിഷറീസ് ധനസഹായത്തോടുകൂടി എടവനക്കാട് കുഴിപ്പിള്ളി പഞ്ചായത്തുകൾക്കു മാത്രമായി ഒരു വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം പൂർണ്ണതോതിൽ എത്തിക്കുന്നതിനും തദ്വാര മറ്റ് സമീപ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.<br>3. പള്ളിപ്പുറം, എളങ്കുന്നപ്പുഴ, എടവനക്കാട് പഞ്ചായത്തുകളിലെ വിതരണ ശൃംഖല മെച്ചപ്പെടുത്തി കുടിവെള്ള വിതരണം വർദ്ധിപ്പിക്കുന്നതിനായി തീരദേശ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രൊപ്പോസലുകൾ കേരളാ ഫിഷറീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പള്ളിപ്പുറം പഞ്ചായത്തിനായി 53 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br>4. വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി, വരാപ്പുഴ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതി പുരോഗമിക്കുന്നു.<br>5. പി.ഡബ്ല്യു.ഡി പാലങ്ങളുടെ നവീകരണ പ്രവൃത്തിയോടനുബന്ധിച്ച് വൈപ്പിൻ പ്രദേശത്തേയ്ക്കുള്ള വിതരണമെയിൻ പൈപ്പുകളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ചോർച്ചകൾ ലഘൂകരിച്ചും പരമാവധി കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ